# മന്ന

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ    വാല്യം 4 ലക്കം 6

news@newsmanna.com www.newsmanna.com

050 3241610, 055 3969791    മെയ് 2011

INSIDE THIS ISSUE



എൻഡോസൾഫാനും നമ്മുടെ ഇടയിലെ കൊടും വിഷങ്ങളും

# വരുന്നു 666!




എതിർക്രിസ്തുവിന്റെ സംഖ്യ 666 വരുന്നു. ഇന്ത്യ ഉൾപ്പെടെ നിരവധി രാജ്യങ്ങളിൽ ക്രയവിക്രയങ്ങൾക്ക് 666 പ്രയോഗത്തിൽ വരുത്താനുള്ള അണിയറ നീക്കം. യഗോസ്ലാവിയായിലെ ഇന്റർനാഷണൽ സൂപ്പർമാർക്കറ്റിൽ വാങ്ങാനും വിൽക്കാനും ഈ സംഖ്യ ഏർപ്പെടുത്തിയെന്ന് റിപ്പോർട്ട്. ഹോളണ്ടിൽ വാഹനങ്ങളുടെ നമ്പറിന് മുമ്പായി അറുനൂറ്റിയറുപത്തിയാറ് ചേർക്കുന്ന സമ്പ്രദായം നിലവിൽ വന്നു. ബാങ്കിംഗ് മേഖലയിൽ ലോകരാജ്യങ്ങൾ ഈ സംഖ്യ ഏർപ്പെടുത്താനുള്ള തയ്യാറെടുപ്പിലാണ്. രാജ്യത്തെ പൗരന്മാരുടെ വക്തിപരമായ വിവരങ്ങളടങ്ങിയ യു.ഐ.ഡി. എന്ന പ്രത്യേക തിരിച്ചറിയൽ കാർഡ് നടപ്പാക്കാൻ ഇന്ത്യ തയ്യാറെടുക്കുന്നു.

അതേസമയം ബ്രിട്ടൻ നേരത്തെ തയ്യാറാക്കിയ നാഷണൽ ഐഡന്റിറ്റി സ്ക്കീം ഉപേക്ഷിച്ചു. ഈ സംവിധാനം ജനതയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നു കയ്യേറ്റമാണെന്ന ആക്ഷേപത്തെ തുടർന്നു വിവരങ്ങൾ അടക്കം ചെയ്ത അഞ്ഞൂറ് ഹാർഡ് ഡിസ്ക് ഡ്രൈവുകൾ ബ്രിട്ടന്റെ ആഭ്യന്തര മന്ത്രി ഡാമിയൻ ഗ്രീനിന്റെ നേതൃത്വത്തിൽ നശിപ്പിച്ചു. ഇത് വ്യക്തി സ്വാതന്ത്ര്യത്തിലുള്ള കടന്നാക്രമണമാണെന്ന് ശക്തമായ ഭാഷയിൽ അഭിപ്രായപ്പെട്ട ഡാമിയൻ വിവരങ്ങളടങ്ങിയ രജിസ്റ്റർ നശിപ്പിച്ചത് അതിന്റെ ഭാഗമാണെന്നും പറഞ്ഞു.

ക്രിസ്തുവിന്റെ സഭ മധ്യാകാശത്തിൽ എടുക്കപ്പെട്ട ശേഷം എതിർക്രിസ്തുവായി ഒരു ഭരണാധികാരി ആഗോളഭരണം കയ്യാളുമെന്ന് ബൈബിൾ വ്യക്തമാക്കുന്നു. ഉപായ ബുദ്ധിയും ഉഗ്രഭാവവുമുള്ള ഏറ്റവും ക്രൂരനായ ഈ സ്വേച്ഛാധിപതി ലോകംകണ്ട ഏറ്റവും ക്രൂരനായ ഭരണാധികാരിയായി മാറും. 666 എന്ന മുദ്ര വലംകൈയിലോ നെറ്റിയിലോ ഉള്ളവർക്കേ അന്ന് ക്രയവിക്രയം സാധ്യമാവൂയെന്ന് വെളിപാട് പുസ്തകം വ്യക്തമാക്കുന്നു (വെളി 3:16–18). സൂപ്പർ കമ്പ്യൂട്ടറുകൾ മനുഷ്യനെ നിയന്ത്രിക്കുന്ന അവസ്ഥയിലെത്തും. ഒരു ഗോതമ്പ് മണിയുടെ വലിപ്പമുള്ള ചിപ്പുകൾ മനുഷ്യന്റെ നെറ്റിയിലോ കൈയ്യിലോ നിക്ഷേപിച്ചാൽ ഐഡന്റിറ്റി കാർഡുകൾക്കു പകരം പൗരന്റെ സകല വിവരങ്ങളും ലഭ്യമാകും. എതിർക്രിസ്തുവിന്റെ സൂപ്പർ കമ്പ്യൂട്ടർ – ഉപഗ്രഹനിയന്ത്രിത ചാരക്കണ്ണ് എപ്പോഴും പൗരന്മാരിൽ ഉണ്ടാകും. ലോകത്ത് ശാന്തിയും സമാധാനവും നടപ്പാക്കുന്നതിന്റെ ഭാഗമായി ലോക സമാധാനത്തിനു ഭീഷണിയായ ഭീകരപ്രവർത്തനം നിയന്ത്രിക്കുക, വിലക്കയറ്റം തടയാൻ പൊതുവിതരണ സംവിധാനം നടപ്പാക്കുക മുതലായ കാര്യങ്ങൾക്കു 666 എന്ന മുദ്ര വ്യാപകമാകും. ആദ്യത്തെ മൂന്നര വർഷം ലോകസമാധാനം യഥാർത്ഥ്യമാകും. ലോകമെമ്പാടും കർക്കശമായ പട്ടാളഭരണമായതിനാൽ അച്ചടക്കം നിലവിൽവരും. ലോകഭരണം എതിർക്രിസ്തുവിന്റെ കരങ്ങളിൽ ഒതുങ്ങുന്നതോടെ കിരാതമായ സ്വേച്ഛാധിപത്യം തലപൊക്കും. പൗരസ്വാതന്ത്ര്യവും ജനാധിപത്യവും ഇല്ലാതെയാകും.

ഇന്ത്യ മുന്നോട്ടു കൊണ്ടുപോകുന്നതും ബ്രിട്ടൻ പാതി വഴിയിൽ ഉപേക്ഷിച്ചതുമായ യു. ഐ. ഡി. സംവിധാനം 666 ന്റെ മുന്നോടിതന്നെയെന്നു വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു. എതിർക്രിസ്തുവിന്റെ കാലത്ത് ഇത് സമ്പൂർണ്ണമായി നടപ്പാകും. അതിനുമുമ്പ് ക്രിസ്തുവിന്റെ വരവും സഭയുടെ ഉത്പ്രാപണവും സംഭവിക്കും. ലോക സംഭവങ്ങളെ ദൈവജനം കണ്ണും കാതും തുറന്നു കാണുകയാണ് വേണ്ടത്.



## മദ്യപാനം കാൻസർ ഉണ്ടാക്കും

**ലണ്ടൻ:** മദ്യപാനം അർബുദസാധ്യത വർധിപ്പിക്കുമെന്ന് ഗവേഷകർ. യൂറോപ്പിലാകെ നടത്തിയ പഠനത്തിലാണ് അർബുദവും മദ്യപാനവും തമ്മിലെ ബന്ധം വെളിവായത്. വിവിധ രാജ്യങ്ങളിലായി 3,63,988 പേരിലാണ് പഠനം നടന്നത്. ഗവേഷണ റിപ്പോർട്ട് ബ്രിട്ടീഷ് മെഡിക്കൽ ജേണൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അർബുദം ബാധിച്ച പുരുഷന്മാരിൽ പത്തിൽ ഒന്നും സ്ത്രീകളിൽ 33 ൽ ഒന്നും പേരുടെ ഗോരത്തിന് മദ്യപാനവുമായി ബന്ധമുണ്ടെന്നാണ് കണ്ടെത്തൽ.

മദ്യപാനം മൂലം കാൻസർ ബാധിച്ച പുരുഷന്മാരിൽ 18 ശതമാനവും സ്ത്രീകളിൽ നാലു ശതമാനവും അമിത മദ്യപാനശീലമുള്ളവരായിരുന്നു എന്ന് പഠനത്തിൽ വ്യക്തമാക്കി. 2008 ൽ ബ്രിട്ടനിൽ അർബുദം ബാധിച്ച 3,04,000 പേരിൽ 13,000 പേർ അമിത മദ്യപാനത്തിന് അടിമകളായിരുന്നു.

## ലോകാവസാനം 21ന് ദുബായിലെ ബോർഡുകൾ മാറ്റി

**ദുബൈ:** മെയ് 21നു ലോകാവസാനം സംഭവിക്കുമെന്നു കള്ളപ്രവാചകൻ ഹരൊൾഡ് കാമ്പിങ്ങിന്റെ അനുയായികൾ എമിറേറ്റിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച പരസ്യബോർഡുകൾ ദുബൈ മുൻസിപ്പാലിറ്റി നീക്കംചെയ്തു. ഫാമിലി റേഡിയോ ഡോട്ട്കോം എന്ന പേരിൽ സ്ഥാപിച്ച ബോർഡുകൾ മാധ്യമശ്രദ്ധ നേടിയെടുത്തതോടെ അനേകരെ ആശയക്കുഴപ്പത്തിലാക്കിയിരിക്കുന്നു. കാലിഫോർണിയായിലെ ഓക്ലാന്റ് കേന്ദ്രമാക്കി 1959–ൽ തുടക്കം കുറിച്ച ഫാമിലി സ്റ്റേഷൻസ് ഇൻകോർപ്പറേറ്റഡ് എന്ന സംഘടനയുടെ നേതാവാണ് ഹരോൾഡ് കാമ്പിങ്.

ഈ വർഷം മെയ് 21ന് ലോകാവസാനത്തിനു ആരംഭംകുറിക്കുമെന്നും ഒക്ടോബർ 21 നു അതു പൂർണമാകുമെന്നും രണ്ടുവർഷം മുമ്പാണ് അദ്ദേഹം പറഞ്ഞത്. ജാതിമതവ്യത്യാസമില്ലാതെ എല്ലാവരെയും അതറിയിക്കുകയാണു തങ്ങളുടെ ദൗത്യമെന്നു സംഘടനയുടെ ദുബൈ പ്രതിനിധി മേരി ഷീഷൻ പറയുന്നു. യു.എ.ഇ. ഗവൺമെന്റ് ഇതിനെക്കുറിച്ചു അന്വേഷണം നടത്തിവരികയാണ്.

മെയ് 21 ഏറ്റവും ഭയാനകമായ നാൾ ആർക്കാണ് പിടിച്ചുനിൽക്കാൻ കഴിയുക? എന്നതാണ് ബോർഡിലെ പ്രധാന പരസ്യവാചകം. ലോക്തിന്റെ വിവിധ ഭാഗങ്ങളിലായി ആയിരക്കണക്കിനു പരസ്യബോർഡുകൾ സ്ഥാപിച്ചതായി അവർ പറഞ്ഞു.




*ദുബായിലെ ജാഫിലിയയിൽ സ്ഥാപിച്ച ബോർഡുകൾ*

അന്ത്യനാൾ സംബന്ധിച്ച ഈ വിവരം ബൈബിളിൽ ഒളിഞ്ഞിരിക്കുകയാണന്നും ഇതെളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയില്ലെന്നും മേരി ഷീഷൻ പറയുന്നു. ദുരുപദേശ സംഘടനകൾ പലതും കർത്താവിന്റെ വരവിന്റെ നാൾ പ്രവചിച്ച് ഇതിനു മുമ്പും രംഗത്തെത്തിയിരുന്നു. കൊറിയയിലെ കാങ് റിങ് ചർച്ച് നേതാവ് കിംങ് യോം യോംങ് ആണ് ആളുകളെ വഴിതെറ്റിക്കുന്നതിൽ കുപ്രസിദ്ധൻ. ചാൾസ് റസ്സൽ, യുസ്തൂസ് ജോസഫ് തുടങ്ങിയവർ അനേകരെ വഴിതെറ്റിച്ചിരുന്നു. തങ്ങൾ കാത്തിരുന്ന കർത്താവിന്റെ പ്രത്യക്ഷത സംഭവിക്കാതിരുന്നതുമൂലം കൂട്ട ആത്മഹത്യപോലും നടത്തിയിട്ടുണ്ട്. കർത്താവിന്റെ രണ്ടാം വരവിന്റെ പേരിൽ ഇടറിപ്പോകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ട നാളുകളാണിത്.

# എൻഡോസൾഫാനും നമ്മുടെ ഇടയിലെ കൊടും വിഷങ്ങളും

**വാർത്തയ്ക്കപ്പുറം**

**ഷിബു മുള്ളംകാട്ടിൽ**

ഒടുവിൽ എൻഡോസൾഫാൻ രാജ്യാന്തരതലത്തിൽ നിരോധിച്ചു. ജനീവയിൽ നടന്ന സ്റ്റോക്കോം കൺവൻഷന്റെ സമാപന ദിനമാണ് ഈ തീരുമാനം. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെയോ സർക്കാരിന്റെയോ നേട്ടമല്ല ഇത്. നിരാലംബരായ ജനങ്ങളുടെ സഹനത്തിനും നീണ്ട സമരത്തിനും ലഭിച്ച വിജയമാണിത്.

ആയിരങ്ങളെ കൊല്ലുകയും പതിനായിരങ്ങളെ കൊല്ലാക്കൊല ചെയ്യുകയും പരിസ്ഥിതി വിഷലിപ്തമാക്കുകയും ചെയ്യുന്ന മാരക കീടനാശിനി (മനുഷ്യനാശിനി) യാണ് എൻഡോസൾഫാൻ. ജീവനു ഹാനികരമായ കീടനാശിനികളെക്കുറിച്ച് ജനീവയിൽ നടന്ന കൺവൻഷന്റെ രണ്ടാം ദിനത്തിൽ എൻഡോസൾഫാന് അനുകൂലമായി വാദിക്കുവാനാണ് ഇന്ത്യ ശ്രമിച്ചത്. എന്നാൽ യൂറോപ്യൻ യൂണിയനും ചൈനയും ആഫ്രിക്കയും മാത്രമല്ല അറബ്‌രാജ്യങ്ങളും ശക്തമായ നിലപാട് സ്വീകരിച്ചപ്പോൾ ഇന്ത്യ തീർത്തും ഒറ്റപ്പെട്ടു. മനുഷ്യത്വരഹിതമായ നിലപാടിലൂടെ ലോകരാജ്യങ്ങൾക്കു മുമ്പിൽ ഇന്ത്യയുടെ യശ്ശസ്സാണ് നഷ്ടപ്പെട്ടത്.

എൻഡോസൾഫാന്റെ ദൂഷ്യഫലങ്ങൾ വെളിപ്പെടുത്തുന്ന 160ൽ അധികം പഠനറിപ്പോർട്ടുകൾ നിലവിലുണ്ട്. എന്നാൽ വീണ്ടും പഠനം നടത്തണമെന്ന പിടിവാശിയിൽ നിരോധനം വലിച്ചുനീട്ടിയത് എന്തിനെയോ സംരക്ഷിക്കുവാൻവേണ്ടിയായിരുന്നു. എൻഡോസൾഫാൻ ഉപയോഗിച്ചില്ലെങ്കിൽ കശുവണ്ടികൃഷി ഗുണം പിടിക്കില്ലെന്നാണ് കേന്ദ്ര കൃഷിമന്ത്രിയുടെ ന്യായവാദം. കശുവണ്ടി ഇല്ലെങ്കിൽ വിദേശനാണ്യം കുറയും. ഒരു സാധാരണ പൗരൻ എന്ന നിലയിൽ ഒന്നു ചോദിച്ചുകൊള്ളട്ടെ; കശുവണ്ടിയോ മനുഷ്യനോ വലുത്? ഉത്തരം പറയുവാൻ കേന്ദ്രമന്ത്രി പവാറിനു എത്ര മാത്രം പവറുണ്ട്? ഒപ്പം എൻഡോസൾഫാൻ വിഷയത്തിൽ മൗനം ഭജിച്ച നമ്മുടെ രാഷ്ട്രീയ നേതാക്കൾക്കും.

കാസർകോട് ജില്ലയിൽതന്നെ ജനിതകവൈകല്യവും മാറാരോഗവും ബാധിച്ച ആയിരക്കണക്കിനാളുകൾ ഉണ്ട്. ദൃശ്യമാധ്യമങ്ങളിൽ കൂടി അവരുടെ നിസഹായവസ്ഥ നാം മനസ്സിലാക്കിക്കഴിഞ്ഞു. കൊടും വിഷമായ എൻഡോസൾഫാൻ നിരോധിക്കുവാൻ ഇത്രയും കാലം വൈകിയതിനു പിന്നിൽ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും പങ്കുണ്ട്. ദുരിതബാധിതരുടെ പുനരധിവാസമാണ് ഇനിയുള്ള വെല്ലുവിളി. യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർ തയ്യാറാകണം. ഒപ്പം ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുകയും വേണം.

ആത്മീയരംഗത്തും കൊടുംവിഷങ്ങൾ രംഗപ്രവേശനം ചെയ്യുന്ന കാലമാണിത്. തിരുവചനസത്യങ്ങളിൽ മായംചേർക്കുന്ന പ്രവണതകൾ വ്യാപകമാണ്. ഉപദേശവിഷയങ്ങളിൽ അയവു വരുത്തി ജനത്തെ ആകർഷിക്കുന്ന തന്ത്രം മറ്റൊരു എൻഡോസൾഫാനാണ്.

ആത്മീയമായി നശിപ്പിക്കുവാൻ മാത്രമേ ഇത്തരം ശ്രമങ്ങൾക്ക് കഴിയുകയുള്ളൂ.

ഊതി വീഴ്ത്തലും വിശുദ്ധ (?) ചിരിയും കുരയും ഛർദ്ദിയും എല്ലാം കൊടും വിഷം തന്നെയാണ്. മറ്റൊന്നാണ് ഭൗതികതയുടെ ദൈവശാസ്ത്രം. രോഗവും ദുഃഖവും കഷ്ടതയും ദൈവജനത്തിന് ഇല്ലെന്ന് ഇവർ പഠിപ്പിക്കുന്നു. സത്യവിരുദ്ധമായ ഇത്തരം വിഷയങ്ങൾ തിരിച്ചറിയാതെ പലരും ഇവരുടെ കെണിയിൽ അകപ്പെടുന്നു. വിശുദ്ധവേദപുസ്തകത്തെ ദുർവ്യാഖ്യാനം ചെയ്ത് ജനങ്ങളുടെ അജ്ഞതയെ മുതലെടുക്കുന്നവർ അനേകരെ ആത്മീയ അന്ധകാരത്തിൽ അകപ്പെടുത്തുകയാണ്. ബൈബിളിലെ ഏതെങ്കിലും ഒരുഭാഗംമാത്രം എടുത്തുകാട്ടി ജനത്തെ വഴിതിരിച്ചുവിടുവാനും ഇവർക്ക് മടിയില്ല.

**ഉപദേശവിഷയങ്ങളിൽ അയവു വരുത്തി ജനത്തെ ആകർഷിക്കുന്ന തന്ത്രം മറ്റൊരു എൻഡോസൾഫാനാണ്.**



തങ്ങൾ ചെയ്യുന്നതിനെ ന്യായീകരിക്കുവാനുള്ള ഒരു കുടിലശ്രമമാണിത്.

എൻഡോസൾഫാൻ വിഷയത്തിൽ ഉത്തരവാദിത്വപ്പെട്ട ചില രാഷ്ട്രീയ നേതാക്കൾ മൗനം പാലിച്ചതുപോലെ വേദപുസ്തക ഉപദേശ വിഷയങ്ങളിൽ മൗനം അവലംബിക്കുന്ന നേതാക്കന്മാർ നമുക്കുണ്ട്. സ്വാർഥതയുടെ മൂടുപടമാണ് ഇവർ അണിയുന്നത്. സ്വന്തം സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കുവാൻ ശ്രമിക്കുമ്പോൾ സത്യസന്ദേശം അപ്രസക്തമാകുന്നു. ശരിയും തെറ്റും വിവേചിച്ചറിയുവാൻ ജനത്തെ ഉപദേശിക്കേണ്ടവർ നിശബ്ദത പാലിക്കുമ്പോൾ ചങ്ങലയ്ക്ക് ഭ്രാന്തു പിടിച്ച പ്രതീതിയാണ്.

ഉപദേശവിഷയങ്ങൾ വ്യക്തമായി പഠിപ്പിക്കുന്ന വേദപഠനക്ലാസുകൾ പണ്ട് സഭകളിൽ ഉണ്ടായിരുന്നു. എന്തെല്ലാം പ്രലോഭനങ്ങൾ ഉണ്ടായാലും സത്യത്തിനുവേണ്ടി ഉറച്ചുനില്ക്കുവാൻ ഇതു സഹായിച്ചു. കാലത്തിന്റെ യാത്രയിൽ ഇത്തരം വിഷയങ്ങൾ അപ്രത്യക്ഷമായി. ഉപദേശവിഷയങ്ങൾ പഠിപ്പിച്ചാൽ സഭയിൽ വിശ്വാസികൾ തുടരുകയില്ല എന്ന തിരിച്ചറിവിൽ പലതും വിഴുങ്ങി. അതോടെ നിയന്ത്രണങ്ങൾ ഇല്ലാത്ത ഒരു സമൂഹമായി നാം അധഃപതിച്ചു.

“നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബലമാക്കിയിരിക്കുന്നു. ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു. മാനുഷിക കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർഥമായി ഭജിക്കുന്നു” (മത്താ. 15: 6-9). ദൈവവചനത്തെ ദുർബലമാക്കി മാനുഷിക നിയമങ്ങൾ പ്രചരിപ്പിക്കുന്നവർ ജനങ്ങളിൽ മാരകമായ വിഷം കുത്തിനിറയ്ക്കുകയാണ്.

തിരുവചനത്തിൽ അടിയുറച്ചു നില്ക്കുന്ന ദൈവദാസന്മാരും വിശ്വാസികളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് ആധുനികപ്രതിഭാസങ്ങളെ നേരിടണം. സഭകളിൽ ഉപദേശവിഷയങ്ങൾ വ്യക്തമായി പഠിപ്പിക്കണം. ദുരുപദേശം കൊട്ടിഘോഷിക്കുന്നവരെ നമ്മുടെ യോഗങ്ങളിൽ പ്രവേശിപ്പിക്കരുത്. വിശ്വാസസമൂഹത്തെ ഇത്തരം വിഷയങ്ങൾ ബോധവത്ക്കരിക്കുവാൻ അടിയന്തിരമായി ശ്രദ്ധ ചെലുത്തണം.

*വാൽക്കഷണം: നമ്മുടെ പ്രസ്ഥാനം തിരുവല്ല റയിൽവേ സ്റ്റേഷൻ പോലെയാണെന്ന് ഒരാൾ ഫലിതരൂപേണ പറഞ്ഞത് ശ്രദ്ധേയമാണ്. ആരുടെയും അനുവാദമില്ലാതെ ഏതുവശത്തുകൂടിയും ഉള്ളിൽകയറാം.*

# ക്ഷമയും മാനസാന്തരവും

**പാസ്റ്റർ ബാബു ചെറിയാൻ**

പണ്ടൊരിക്കൽ ഒരു സഭയിൽ ഒരു സഹോദരൻ ക്ഷമ ചോദിച്ചത് ഇപ്രകാരമായിരുന്നു.‘അപ്പച്ചാ, അപ്പച്ചനെ ഞാൻ അപ്പച്ചാ എന്നു വിളിച്ചത് അപ്പച്ചനിഷ്ടപ്പെട്ടില്ലായെങ്കിൽ അപ്പച്ചനെന്നോട് ക്ഷമിച്ചേര് എന്റെ അപ്പച്ചാ....’ ഒരു പ്രാവശ്യം ‘അപ്പച്ചാ’ എന്നു കളിയാക്കി വിളിച്ചതിന് ക്ഷമ ചോദിച്ചപ്പോൾ കുറ്റം ആറിരട്ടിയായി വർധിച്ചതു കണ്ടോ?

ക്ഷമ ചോദിക്കലും ക്ഷമ പറയലുമെല്ലാം ധാരാളം നടക്കുന്നുണ്ടെങ്കിലും യേശുകർത്താവ് ഉദ്ദേശിച്ചതുപോലെ അത് ആരെങ്കിലും ചെയ്യുന്നുണ്ടോ? ക്ഷമ എന്നത് വാക്കുകൾ കൊണ്ടുള്ള ഒരു കളിയല്ല. സാഹിത്യത്തിലെ ഒരു സാഹസവുമല്ല. അത് മനസ്സിന്റെ ഒരു പ്രവൃത്തിയാണ്. മനസ്സിൽ നിന്നാരംഭിച്ച് മനസ്സോടെ മനസ്സിലേക്ക് കൈമാറേണ്ട ഒരു ആത്മാർഥമായ പ്രവൃത്തിയാണ് ക്ഷമ. ദാവീദ് പറയുന്നത് ശ്രദ്ധിക്കുക. “എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു. അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു” (സങ്കീ. 32:5). അവൻ മനസ്സിൽ തീരുമാനിച്ചപ്പോൾ തന്നെ ദൈവം അവനോട് ക്ഷമിച്ചുതന്നു.

സ്വർഗത്തിലെ ദൈവത്തിന്റെ പ്രവർത്തനവിധം ശ്രദ്ധിക്കുക: മനസ്സിൽ തീരുമാനിക്കുമ്പോൾ സ്വരഗത്തിലതറിയുന്നു, അംഗീകരിക്കുന്നു. സാധാരണഗതിയിൽ ക്ഷമയ്ക്കുമുമ്പ് പല കാര്യങ്ങൾ നടക്കേണ്ടതുണ്ട്. ഒന്നാമതായി തെറ്റുകാരൻ താൻ ചെയ്ത തെറ്റ് തിരിച്ചറിയണം. അതു തെറ്റാണെന്ന് അവനുതന്നെ ബോധ്യപ്പെടണം. അതിനുശേഷമാണ് പരിഹാരത്തെക്കുറിച്ച് ചിന്തിക്കുന്നത്. തുടർന്ന് അവൻ തെറ്റ് ഏറ്റുപറഞ്ഞ് ദൈവത്തോട് ക്ഷമ ചോദിക്കാൻ തീരുമാനിക്കുന്നു. ഇതുവരെ അവൻ ക്ഷമ ചോദിച്ചിട്ടില്ലെങ്കിലും അവന്റെ മനസ്സിലെ മാറ്റങ്ങൾ ദൂരത്തുനിന്ന് അറിയുന്ന ദൈവം ചോദിക്കുന്നതിനു മുമ്പു തന്നെ അവനു ക്ഷമ നല്കിക്കഴിഞ്ഞു.

ഇത് ദൈവത്തോട് മാത്രമുള്ള നിയമമല്ല, മനുഷ്യൻ മനുഷ്യനോട് ക്ഷമചോദിക്കുമ്പോഴും ഇതുതന്നെയാണ് ദൈവം നോക്കുന്നത്. ഒരു ചടങ്ങു നിർവ്വഹിക്കുന്നതുപോലെ മനുഷ്യനോടോ ദൈവത്തോടോ ക്ഷമ ചോദിക്കുന്നതും ക്ഷമിച്ചു എന്നു പറയുന്നതും ഒരുതരം പരിഹാസമാണ്. വെറും നാവുകൊണ്ടുമാത്രം നിർവ്വഹിക്കാവുന്ന ഒരു കൃത്യമല്ല ക്ഷമ. അത് ഹൃദയത്തിന്റെ പൂർണ്ണമായ പ്രവർത്തനത്താൽ നടക്കുന്ന കാര്യമാണ്. മാനസാന്തരം കൂടാതെ ക്ഷമയില്ല. ക്ഷമയില്ലാതെ മാനസാന്തരവുമില്ല. ക്ഷമകൊണ്ടുള്ള ഗുണവും അക്ഷമകൊണ്ടുള്ള ദോഷവും മനുഷ്യന്റെ മനസ്സിനെ തന്നെയാണ് ബാധിക്കുന്നത്.

**ക്ഷമിക്കാത്തവൻ ചുമക്കുന്നു**

ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന വ്യക്തിയെ ആണോ അതോ ഏറ്റവും കൂടുതൽ വെറുക്കുന്ന വ്യക്തിയെ ആണോ സദാസമയവും ചുമന്നുകൊണ്ട് നടക്കുന്നത്.? ഒരിക്കൽ ഒരു മനുഷ്യൻ എന്നെ വല്ലാതെ വേദനിപ്പിക്കുകയും അപമാനിക്കുകയും ചെയ്തു. സാധാരണ ഏതൊരാൾക്കുമെന്നപോലെ ദേഷ്യവും വാശിയും പിണക്കുവുമൊക്കെ എനിക്കും ഉണ്ടായെങ്കിലും എന്റെ ഉള്ളിലെ ക്രിസ്ത്യാനി ഉണർന്നപ്പോൾ വാശിയും വൈരാഗ്യവുമെല്ലാം ശമിച്ചെങ്കിലും ഉള്ളിലെ വിഷമവും ഞരക്കവും തുടർന്നുകൊണ്ടിരുന്നു. പച്ചക്കറി മാർക്കറ്റിൽ സാധനം വാങ്ങുമ്പോഴും ബസ് സ്റ്റേഷനിൽ ബസ് കാത്തുനില്ക്കുമ്പോഴും യാത്രാ മധ്യത്തിലും ആരാധനാ സമയങ്ങളിലും ശുശ്രൂഷാസമയത്തുപോലും ഈ ഭാരം എന്റെ അകത്തുനീറുന്നുണ്ടായിരുന്നു.

വീട്ടിലെത്തി വിശ്രമവേളകളിൽ അതു തന്നെ ചിന്തിച്ചുകൊണ്ടിരുന്നു. കുളിക്കാനായി കുളിമുറിയിൽ ആയിരിക്കുമ്പോഴും ആ ഭാരം എന്റെ തലയിൽ തന്നെ ഉണ്ടായിരുന്നു. അല്പസമയങ്ങൾക്കുശേഷം ഒരു ദിവസം ആരോ എന്നോടു പറയുന്നതുപോലെ തോന്നി; “നീ അവനെ എത്രസമയമായി ചുമക്കുന്നു. എന്തിനാണീ വെറും ചുമട്? ആ സമയത്ത് നീ സ്നേഹിക്കുന്ന നിന്റെ മക്കളെയോ ഭാര്യയെയോ നിന്നെ സ്നേഹിക്കുന്ന കർത്താവിനെയോ ഹൃദയത്തിൽ ചുമക്കുകയാണെങ്കിൽ അത് ആരോഗ്യകരമായിരിക്കും”

ക്ഷമിക്കാത്തവൻ തന്റെ ശത്രുവിനെ ചുമക്കുകയാണെന്നുള്ള സത്യം അന്നാണ് ഞാൻ മനസ്സിലാക്കിയത്. സ്നേഹിക്കുന്നവരെ ഹൃദയത്തിൽ വഹിക്കുമ്പോൾ ആന്തരീക ആരോഗ്യം ഉണ്ടാകുന്നതുപോലെ തന്നെ വെറുക്കുന്നവരെ വിദ്വേഷത്തോടെ ചുമന്നാൽ അകത്തെ മനുഷ്യൻ ബലഹീനനാകാനിടയുണ്ട്.

**അക്ഷമ എന്ന ഭോഷത്വം**

ഈ വിഷയത്തിലെ ഏറ്റവും വലിയ തമാശ തിരിച്ചറിഞ്ഞാൽ ക്ഷമിക്കാത്തവൻ ഭോഷനാണെന്ന് മനസ്സിലാകും. സ്കറിയയോട് വർഗീസ് ക്ഷമിക്കാതിരിക്കുമ്പോൾ സ്കറിയയ്ക്കൊന്നും സംഭവിക്കുന്നില്ല. എന്നാൽ വർഗീസിന്റെ ഹൃദയത്തിൽ അനുനിമിഷം അസ്വസ്ഥതയും കയ്പും വർധിക്കുകയും അതുനിമിത്തം അദ്ദേഹം രോഗിയാകാനും അബദ്ധങ്ങളിൽ വീഴാനുമുള്ള സാധ്യത വർധിക്കുകയും ചെയ്യുന്നു. ക്ഷമിക്കാത്ത് മനസ്സിൽ വിദ്വേഷം വളരുകയും അകം അസ്വസ്ഥമാകുകയും ചെയ്യുന്നതിനാൽ അവന്റെ ജന്മസിദ്ധവും ദൈവദത്തവുമായ താലന്തുകൾ വേണ്ടവണ്ണം പ്രാവർത്തികമാക്കാൻ കഴിയാതെ നിർവീര്യമായി പോകാനിടയുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നാം എടുക്കുന്ന തീരുമാനങ്ങൾ തെറ്റിപ്പോകാൻ സാധ്യതയുണ്ട്. മനസ്സിന്റെ ശക്തി വേണ്ടതുപോലെ പ്രവർത്തിക്കുന്നതിനു പകരം തെറ്റായ തീരുമാനങ്ങൾ എടുക്കാൻ പ്രേരിപ്പിക്കുകയും നന്മയ്ക്കു പകരം തിന്മയും നേട്ടത്തിനു പകരം നഷ്ടവും വന്നു ഭവിക്കുകയും ചെയ്യുന്നു.

നമുക്ക് യാതൊരു ഗുണവും ലഭിക്കാത്തതും ധാരാളം ദോഷം വരാൻ സാധ്യതയുള്ളതുമായ ഒന്നാണ് അക്ഷമ. എങ്കിൽ അത് അവസാനിപ്പിക്കാത്തവൻ ഭോഷനല്ലേ? കഴിയുന്നത്ര വേഗത്തിൽ നമുക്ക് ക്ഷമിക്കാം. ഒട്ടും വൈകാതെ തന്നെ ക്ഷമ ചോദിക്കാം. അതൊരു ചടങ്ങായി തീരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യാം.

For Advertisements & News Publishing Please Contact: 050-3241610, 055-3969791

## കാറിനുമുകളിൽ മതിലിടിഞ്ഞു ദമ്പതികൾ മരിച്ചു

**ഷാർജ:** കാറിനുമുകളിൽ കരിങ്കൽ മതിൽ ഇടിഞ്ഞുവീണു ഷാർജയിലേക്കുവരാൻ വിമാനത്താവളത്തിലേക്കു യാത്രചെയ്തിരുന്ന വിശ്വാസി ദമ്പതികൾ മരണമടഞ്ഞു. ഷാർജ എൻലൈറ്റൺ ഫുൾ ഗോസ്പൽ ചർച്ച് സഭാംഗങ്ങളായ ചെന്നിത്തല തെക്കേതിൽ വർഗീസ് മാത്യു (ഷാജി 45), ഭാര്യ സുജ മാത്യു (41) എന്നിവരാണു മരിച്ചത്. ഇവരുടെ മൂത്തമകളും വിദ്യാർഥിയുമായ ജിഷ മാത്യു (17), ഡ്രൈവർ സജി എന്നിവരെ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴിഞ്ഞ മാസം 15നു പുലർച്ചെ കഴക്കൂട്ടത്തായിരുന്നു അപകടം. ദേശീയ പാതയുടെ വശത്തെ മതിലിൽ കാർ ഇടിച്ചതിനെത്തുടർന്നു മതിൽ കാറിനുള്ളിലേക്കു വീഴുകയായിരുന്നു. കാർ കണ്ടു സംശയം തോന്നിയ പോലീസ് പരിശോധിച്ചപ്പോഴാണു സംഭവം മനസിലായത്. ഷാർജ ഡിഫൻസ് ആശുപ


*വർഗീസ് മാത്യുവും ഭാര്യ സുജ മാത്യുവും.*

ത്രിയിലെ എക്സ്റേ ടെക്നീഷ്യനായ ഷാജിയും അവിടെതന്നെ പ്രവർത്തിക്കുന്ന സഹാറാ ആശുപത്രിയിലെ ലെബോറട്ടറി ടെക്നീഷ്യനായ സുജയും ഏപ്രിൽ ഒന്നിനാണു നാട്ടിലേക്കു പോയത്. ഇരുകുടുംബങ്ങളിൽനിന്നു ഷാജിയും സുജയും മകൾ ജിഷയും മാത്രമാണു വിശ്വാസസ്നാനം സ്വീകരിച്ചിരുന്നത്. വിദ്യാർഥിനിയായ ജിനി മാത്യുവാണു മറ്റൊരു മകൾ. മക്കളെയും കുടുംബത്തെയും ഓർത്തു പ്രാർഥിക്കുക.

## ഐ.പി.സി. വർഷിപ്പ് സെന്റർ കൺവൻഷൻ 24 മുതൽ

**ഷാർജ:** ഐ.പി.സി. വർഷിപ്പ് സെന്റർ വാർഷിക കൺവൻഷൻ മെയ് 24–26 തീയതികളിൽ ഷാർജ വർഷിപ്പ് സെന്റർ മെയിൻഹാളിൽ നടക്കുമെന്ന് സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ വിൽസൺ ജോസഫ് അറിയിച്ചു. എല്ലാ ദിവസവും രാത്രി 8 മുതൽ നടക്കുന്ന കൺവൻഷനിൽ പ്രശസ്ത സുവിശേഷപ്രഭാഷകൻ പാസ്റ്റർ ബി. മോനച്ചൻ പ്രസംഗിക്കും. ഷാർജാ വർഷിപ്പ് സിംഗേഴ്സ് നേതൃത്വം നൽകും.

കൂടുതൽ വിവരങ്ങൾക്ക്: 0504814789


*പി.വൈ.പി.എ. യു.എ.ഇ. റീജിയൻ ഭാരവാഹികളായി തെരഞ്ഞെടുത്ത പാ. അലക്സ് ഏബ്രഹാം (പ്രസിഡന്റ്), ലിനോ മാത്യു (സെക്രട്ടറി), റ്റോജോ തോമസ് (ജോ. സെക്രട്ടറി).*

## ക്രിസ്ത്യൻ ട്രെൻഡ്സ് പുറത്തിറക്കി



**കൊച്ചി:** പ്രവാസികളുടെ സഹകരണത്തോടെ കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രസിദ്ധീകരണ കമ്പനിയായ വെൽസ്പ്രിംഗ് 'ക്രിസ്ത്യൻ ട്രെൻഡ്സ്' എന്ന പേരിൽ ക്രൈസ്തവ ഇംഗ്ലീഷ് ദ്വൈ-മാസിക പുറത്തിറക്കി. ലോകപ്രശസ്ത ക്രൈസ്തവ എഴുത്തുകാരായ റ്റിം സ്റ്റാഫ് ഫോർഡ്, ബ്യൂള വുഡ്, പോൾ സ്വരൂപ് എന്നിവരുടെ സ്ഥിരം കോളങ്ങൾക്കൊപ്പം പ്രശസ്തരുടെ ലേഖനങ്ങൾ, ചരിത്രങ്ങൾ, ക്രൈസ്തവ വാർത്തകൾ തുടങ്ങിയവ ഉണ്ടായിരിക്കും. ദൈനംദിന ജീവിത ചിന്തകൾ, ആരോഗ്യം, സാമ്പത്തികം, കരിയർ ഗൈഡൻസ്, കൗൺസലിംഗ് തുടങ്ങിയ പ്രത്യേക പംക്തികളും ഇതിലുണ്ട്. സൗത്ത് ഏഷ്യയിൽ ആദ്യമായാണ് ഇത്രയും വിപുലമായ ഇംഗ്ലീഷ് ക്രൈസ്തവ മാസിക പുറത്തിറങ്ങുന്നത്. ഡോ. ഫിന്നി ഫിലിപ്പ് ചീഫ് എഡിറ്ററും ജോഷി കോറോത്ത്, ആഷ്ലി ജോൺ എന്നിവർ മാനേജിംഗ് എഡിറ്റർമാരുമായ സമിതിയാണ് ഇതിനു പിന്നിൽ.





## MATRIMONIAL

Pentecostal parents (TPM) invite proposals for their son, working in a reputed firm in UAE ( 27/175cm), seeking suitable alliance from pentecostal parents (preferably TPM ) of professionally qualified born again, baptized, spiritual and God fearing girls who were not in medical field.

**Contact : 055 7731789**
**Email: mailstojoby @yahoo.com.**

Pentecostal parents invite proposals for their daughter (26/5'5" BSc Nurse, fair, slim, spirit filled, working in a reputed hospital in Kerala) from parents of Pentecostal and qualified Boys. Ph. 02-6760998 (Abu Dhabi) & Mobile 050-7728071.

**Email : pattathilsam@gmail.com**

## പഴയവസ്ത്രങ്ങൾ ആവശ്യമുണ്ട്

ഇൻഡ്യയിലെ പാവപ്പെട്ട കുട്ടികളെ സഹായിക്കുന്നതിന്റെ ഭാഗമായി ശാലോം ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ പഴയ വസ്ത്രങ്ങൾ ശേഖരിക്കുവാൻ താത്പര്യപ്പെടുന്നു. നിങ്ങളുടെ കുട്ടികളുടെ പഴയ വസ്ത്രങ്ങൾ ശാലോം ഫൗണ്ടേഷനിലേക്ക് നൽകാൻ താത്പര്യമുണ്ടെങ്കിൽ ഞങ്ങളുമായി ബന്ധപ്പെടുക. ഞങ്ങളുടെ പ്രതിനിധികൾ വീടുകളിൽ വന്ന് വസ്ത്രങ്ങൾ കൈപ്പറ്റുന്നതാണ്.

Robinson: 0501908768
Stanly: 0503486089

## കർമേൽ ഐ.പി.സി. മുസഫ

## സുവിശേഷപ്രഭാഷണം

**സ്ഥലം: മുസഫ ബ്രദറൺ ചർച്ച് സെന്റർ**

2011 ജൂൺ 2നു വ്യാഴാഴ്ച രാത്രി 8 – 10 വരെ G2 ഹാളിലും
3 നു വെള്ളിയാഴ്ച രാവിലെ 10 – 12 വരെ G3 ഹാളിലും

പാസ്റ്റർ ബി. മോനച്ചൻ കായംകുളം പ്രസംഗിക്കുന്നു



ഏവർക്കും സ്വാഗതം
കൂടുതൽ വിവരങ്ങൾക്ക്: 0559433150

അബുദാബിയിൽ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവരുടെ ശ്രദ്ധയ്ക്ക്!

## ഐ.പി.സി. ഏബൻ ഏസർ

മുസഫായിലും അബുദബി സിറ്റിയിലും നിങ്ങൾക്കായി ആരാധനാ സൗകര്യം ഒരുക്കുന്നു.

മുസഫായിൽ: എല്ലാ വ്യാഴാഴ്ചകളിലും രാത്രി 7.45 മുതൽ 10.00 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ്- 1ൽ സഭായോഗം
വെള്ളിയാഴ്ചകളിൽ രാവിലെ 9.45 മുതൽ 12.00 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ് - 2ൽ ഉപവാസപ്രാർഥനയും ആരാധനയും.

അബുദബി സിറ്റിയിൽ: എല്ലാ ചൊവ്വാഴ്ചകളിലും രാത്രി 8.00 മുതൽ 10.00 വരെ ആരാധനായോഗം.
കൂടാതെ പി.വൈ.പി.എ., സിസ്റ്റേഴ്സ് മീറ്റിംഗ്, ഏരിയാ ക്യാമ്പ് മീറ്റിംഗ്, അനുഗ്രഹീത ക്വയർ

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:



## IPC Worship Centre-Sharjah

## Annual Convention 2011

പ്രസംഗകൻ



പാസ്റ്റർ ബി. മോനച്ചൻ

തീയതി മെയ് 24,25,26
(ചൊവ്വ, ബുധൻ, വ്യാഴം)
സമയം: രാത്രി 8 മുതൽ 10 വരെ

ഏവർക്കും സ്വാഗതം

സ്ഥലം: ഷാർജാ വർഷിപ്പ് സെന്റർ മെയിൻ ഹാൾ

Choir: Worship Singers, Sharjah

For further enquiries: Pr. Wilson Joseph (050-4814789)
Bro. Job C.G. (Co-ordinator) 050-3017820